# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 781 — 24.07.2012 ൽ മറുപടിയ്ക്ക്

## പലിശരഹിത ഹ്രസ്വകാല വായ്പ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ ബാങ്കുകളിലെ ഹ്രസ്വകാല വായ്പയ്ക്ക് പലിശ ഒഴിവാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) ഹ്രസ്വകാല കാർഷിക വായ്പകൾക്ക് പലിശ ഒഴിവാക്കിയിട്ടുണ്ട്.<br>2011-12 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ ഇളവ് നൽകുന്നതിനായി ഉത്തേജന പലിശ സബ്സിഡി പദ്ധതി പ്രഖ്യാപിക്കുകയും ആയതിനായി ഭരണാനുമതി നൽകുകയും ഒരു കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്ത് സഹകരണ ബാങ്കുകൾ വഴി കാർഷികാവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന പലിശ ഇളവിനോടൊപ്പം സംസ്ഥാന സർക്കാർ വിഹിതം കൂടി സംഘങ്ങൾക്ക് നൽകി ഹ്രസ്വകാല കാർഷിക വായ്പകൾ പലിശ രഹിതമായി കർഷകർക്ക് നൽകുന്ന പദ്ധതിക്ക് 2012-13 വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ നെൽകൃഷിയ്ക്കുള്ള വായ്പ 2008-09 മുതൽ പലിശ രഹിത വായ്പയായാണ് നൽകുന്നത്. നെൽകൃഷി വായ്പയുടെ പലിശ, സഹകരണ സംഘങ്ങൾക്ക് പൂർണ്ണമായും റീഇംബേഴ്സ് ചെയ്ത് നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. |

| | | |
|---|---|---|
| (ബി) | എന്നു മുതലാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) 2012-13 വർഷം മുതൽ ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് 5% പലിശ ഇളവ് അനുവദിക്കുന്നതിലേയ്ക്കായി ഒരു കോടി രൂപ 2011-12 സാമ്പത്തിക വർഷാവസാനം ഉപധനാഭ്യർത്ഥന മുഖേന വകയിരുത്തുകയും, ആയത് കർഷകർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് പുറമെ നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാർ സബ്സിഡി നൽകുന്നുണ്ട്. ഇതിനോടൊപ്പം സംസ്ഥാന സർക്കാരിന്റെ സബ്സിഡി കൂടി നൽകി പൂർണ്ണമായും പലിശ രഹിത വായ്പയായി നൽകുന്നതിന് ടി പദ്ധതി നടപ്പിലാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 32 കോടി രൂപ വഹിക്കുന്നതിനും, അതിൽ പലിശ രഹിത വായ്പ നൽകുന്നതിന് 2011-12 ൽ വകയിരുത്തിയിട്ടുള്ള ഒരു കോടി രൂപ കഴിച്ച് 31 കോടി രൂപ തൻ വർഷം അനുവദിക്കുന്നതിനും ഭരണാനുമതി നൽകുകിയിട്ടുണ്ട്. ആയതിന്റെ ചട്ടം അംഗീകരിച്ചു നൽകുന്നതോടൊപ്പം ഫണ്ടും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | എത്ര കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ? | (സി) പ്രതിവർഷം ഏകദേശം 50,000 കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ